17933
15/10/19

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എൻ.സി.ഡി.സി-ഐ.എഫ്.ഡി.പി പദ്ധതികളുടെ സബ്സിഡി ഇനത്തിൽ മൽസ്യഫെഡിന് അനുവദിക്കുകയും പിന്നീട് പിൻവലിക്കുകയും ചെയ്ത തുക അനുവദിച്ച് - ഉത്തരവാകുന്നു.

=====================================================================

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

സ.ഉ.(സാധാ) നം. 739/2019/മ.തു.വ. തീയതി,തിരുവനന്തപുരം, 10.10.2019.

പരാമർശം : 1. 27.10.2016-ലെ സ.ഉ(സാധാ) നം.723/2016/മ.തു.വ നമ്പർ ഉത്തരവ്.
2. 02.11.2017-ലെ സ.ഉ(സാധാ) നം.846/2017/മ.തു.വ നമ്പർ ഉത്തരവ്.
3. 20.01.2018-ലെ സ.ഉ(സാധാ) നം.56/2018/മ.തു.വ നമ്പർ ഉത്തരവ്.
4. ഫിഷറീസ് ഡയറക്ടറുടെ 04.12.2018-ലെ എൻ 2/9218/2018 നമ്പർ കത്ത്.

<u>ഉത്തരവ്</u>

എൻ.സി.ഡി.സി-ഐ.എഫ്.ഡി.പി പദ്ധതി 2013-14-ലേയ്ക്കായി സബ്സിഡി ഇനത്തിൽ പരാമർശം (1) പ്രകാരം 164.44 ലക്ഷം രൂപയും 2014-15-ലേയ്ക്കായി പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം 199.99 ലക്ഷം രൂപയും മൽസ്യഫെഡിന് അനുവദിച്ച നൽകിയതിൽ 2017-18 സാമ്പത്തിക വർഷം വരെയും ചിലവഴിക്കാതെ ട്രഷറി അക്കൗണ്ടിൽ നിലനിന്നതായ 2,49,78,924 രൂപ പിൻവലിക്കുകയുണ്ടായി എന്നും ടി തുക 2019-20 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിക്കണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (4) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. എൻ.സി.ഡി.സി-ഐ.എഫ്.ഡി.പി 2013-14, 2014-15 പദ്ധതികൾക്കായി സബ്സിഡി ഇനത്തിൽ അനുവദിച്ചിരുന്നതും സർക്കാർ പിൻവലിച്ചതുമായ 2.49 കോടി രൂപ (രണ്ടു കോടി നാല്പത്തിയൊൻപതു ലക്ഷം രൂപ) 2405-00-103-82-33(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. 16.4.2018 ലെ സ.ഉ(പി)62/18/ധന-യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. 9.12.08 ലെ സർക്കുലർ നം.84/08/ധനയും 30/01/18 ലെ സർക്കുലർ നം.08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ് .
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 6/3/2018 ലെ സ.ഉ(കൈ) നം 82/2018/ധന പ്രകാരമുള്ള ധന വിനിയോഗ സെർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധനകാര്യ വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഗിരിജ കുമാരി. ജി**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (03.10.2019-ലെ PU-C4/73/2018-FIN നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്.(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ